പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 437 09.02. 2016 ൽ മറുപടിക്ക്

വൈദ്യുതി മോഷണം

ചോദ്യം ഉത്തരം

ശ്രീമതി.കെ.എസ്.സലീഖ ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ എത്ര യൂണിറ്റ് വൈദ്യുതി മോഷണം കണ്ടെത്തിയിട്ടുണ്ട് ; ആയതു പ്രകാരം എന്തു തുക നാളിതുവരെ പിഴയിനത്തിൽ ഈടാക്കി; വിശദമാക്കുമോ; | (എ) 13372378 യൂണിറ്റിനുള്ള വൈദ്യുതിയുടെ മോഷണം കണ്ടെത്തുകയും ആയതു പ്രകാരം 16,60,33,614/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത കാലയളവിൽ ഇതുമായി ബന്ധപ്പെട്ട് എത്ര വൈദ്യുതി ബോർഡ് ജീവനക്കാർ ഉൾപ്പെടെ കേന്ദ്ര/സംസ്ഥാന/അർദ്ധസർക്കാർ/പൊതുമേഖലാ ജീവനക്കാരെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പിടി കൂടിയിട്ടുണ്ട്; ഇവരിൽ നിന്നും എത്ര തുക നാളിതുവരെ പിഴയിനത്തിൽ ഈടാക്കി; ഇവരിൽ ആരുടെയൊക്കെ പേരിൽ നിയമനടപടികൾ<br>കെ.എസ്.ഇ.ബി. സ്വീകരിച്ചു; വ്യക്തമാക്കുമോ; | (ബി) 5 വൈദ്യുതി ബോർഡ് ജീവനക്കാർ ഉൾപ്പെടെ 6 ജീവനക്കാരെ എ.പി.റ്റി.സ്ക്വാഡ് പിടികൂടിയിട്ടുണ്ട്. ഇവരിൽ നിന്നും 3,48,766/- രൂപ പിഴയിനത്തിൽ ഈടാക്കി. ഇവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ശ്രീ. പി.ഉദയകുമാർ, ഓവർസീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പരവൂർ. അച്ചടക്ക നടപടിയുടെ ഭാഗമായി ഒരു വാർഷിക ഇൻക്രിമെന്റ് ആറുമാസത്തേയ്ക്ക് സഞ്ചിതമല്ലാത്ത രീതിയിൽ തടഞ്ഞുവച്ചു.<br><br>2. ശ്രീ. എസ്. സലീം, ഓവർസീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പരവൂർ.എ.പി.റ്റിഎസ്. സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയും പുന:പ്രവേശിപ്പിച്ച ശേഷം അച്ചടക്ക നടപടിയുടെ ഭാഗമായി ഒരു വർഷത്തെ ഇൻക്രിമെന്റ് സഞ്ചിതമായി തടഞ്ഞുവച്ചു. |

| | |
|---|---|
| | 3. ശ്രീ. സന്തോഷ് കുമാർ. എസ്, ഓവർസീയർ, 66 കെ.വി. സബ്സ്റ്റേഷൻ, കരുനാഗപ്പള്ളി. സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. വകുപ്പുതല അന്വേഷണം നടന്നു വരുന്നു.<br>4. ശ്രീ. അനിൽകുമാർ കെ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, എടത്വ. ഇലക്ട്രിസിറ്റി ആക്ട് 2003 ലെ വകുപ്പ് 135 പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിരുന്നു, എന്നാൽ ആലപ്പുഴ അഡീഷണൽ സെക്ഷൻസ് കോടതി ടിയാനെ കുറ്റ വിമുക്തനാക്കുകയുണ്ടായി.<br><br>5. ശ്രീ. എ.എ. മാധവൻ, സബ് എഞ്ചിനീയർ, തോട്ടിയാർ പ്രോജക്ട്, വാഴത്തോപ്പ്. അന്വേഷണത്തിൽ ആരോപണം തെളിയിക്കപ്പെടാത്തതിനാൽ അച്ചടക്ക നടപടി മുന്നറിയിപ്പ് നൽകി അവസാനിപ്പിച്ചിട്ടുണ്ട്.<br><br>6. പാലക്കാട് ജില്ലയിലെ കാനറാ ബാങ്ക് ഉദ്യോഗസ്ഥനായ കെ.വി. മുഹമ്മദ്, കൊഴിഞ്ഞി പറമ്പിൽ ഹൗസ്, ചെർപ്പുളശ്ശേരി. |
| (സി) ഇതുമായി ബന്ധപ്പെട്ട് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ പിഴയിനത്തിൽ എത്ര തുക ഈടാക്കി; എന്തൊക്കെ നിയമ നടപടികൾ സ്വീകരിച്ചു വിശദമാക്കുമോ;<br>(ഡി) പ്രസ്തുത കാലയളവിനുള്ളിൽ നാളിതു വരെ കാർഷിക വൈദ്യുതി കണക്ഷൻ മേഖലയിൽ എത്ര വൈദ്യുതി മോഷണക്കേസ്സുകൾ പിടികൂടി; ഇതുമായി ബന്ധപ്പെട്ട് എത്ര കണക്ഷനുകൾ റദ്ദാക്കി; എത്ര തുക പിഴയിനത്തിൽ ഈടാക്കി, ഇതിൽ ഉൾപ്പെട്ട വൈദ്യുതി ബോർഡ് ജീവനക്കാർ | (സി) സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ 7,22,73,510/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത കേസുമായി ബന്ധപ്പെട്ടവരെ വൈദ്യുതി നിയമം 2003 സെക്ഷൻ 152 പ്രകാരം കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കിക്കൊണ്ട് മറ്റു നിയമനടപടികളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.<br>(ഡി) 423 വൈദ്യുത മോഷണക്കേസുകൾ പിടികൂടിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 59 കണക്ഷനുകൾ താൽക്കാലികമായി വിഛേദിച്ചിട്ടുണ്ട്. പിഴയിനത്തിൽ 1,76,00,945/- രൂപ ഈടാക്കിയിട്ടുണ്ട്. ബോർഡ് ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു. |

| | |
|---|---|
| ആരൊക്കെയാണെന്നും അവർക്കെതിരെ ബോർഡ് എന്തു നടപടി സ്വീകരിച്ചുഎന്നും വ്യക്തമാക്കുമോ;<br>(ഇ) ഇത്തരത്തിൽ വൈദ്യുതി മോഷണം നടത്തിയതിന്റെ ഭാഗമായി ഷോക്കേറ്റ് ഈ സർക്കാർ കാലയളവിനുള്ളിൽ എത്ര പേർ മരണപ്പെട്ടു; വിശദാംശം വ്യക്തമാക്കുമോ;<br>(എഫ്) ഈ സർക്കാർ കാലയളവിനുള്ളിൽ വൈദ്യുതി ബോർഡിന്റെ അനാസ്ഥ കാരണം നാളിതുവരെ വൈദ്യുതി ബോർഡ് ജീവനക്കാർ ഉൾപ്പെടെ എത്ര പേർ ദാരുണമായി ഷോക്കേറ്റ് മരണപ്പെട്ടു; വിശദാംശം വ്യക്തമാക്കുമോ? | (ഇ & എഫ്) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതി ലൈനുകളിൽ നിന്നും 612 പൊതുജനങ്ങൾക്ക് അറിവില്ലായ്മ, അശ്രദ്ധ, സൂക്ഷ്മതയില്ലായ്മ എന്നീ കാരണങ്ങളാൽ അബദ്ധത്തിൽ വൈദ്യുതി സമ്പർക്കമേറ്റതുമൂലം മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം വൃക്ഷങ്ങൾ വൈദ്യുതി ലൈനുകളിലേക്ക് വീണത് മൂലവും, കാലപ്പഴക്കം കൊണ്ട് വൈദ്യുതി ലൈനുകൾ പൊട്ടിവീണതിൽ അബദ്ധത്തിൽ സമ്പർക്കമേറ്റത് മൂലവും 170 പൊതുജനങ്ങൾ മരണപ്പെട്ടിട്ടുണ്ട്. വൈദ്യുതി ലൈനുകളിൽ പണിയെടുക്കുന്ന ബോർഡ് ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവർ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലും വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥരുടെ അസാന്നിദ്ധ്യത്തിൽ പണിയെടുത്തതിനാലും, വൈദ്യുതി ബോർഡിന്റെ അറിവോ സമ്മതമോ കൂടാതെ അനധികൃതമായി പണിയെടുത്തതിനാലും സംഭവിച്ച 120 അപകട മരണങ്ങളിൽ ബോർഡ് ജീവനക്കാരുടെ ഭാഗത്ത് നിന്നും കൃത്യവിലോപമോ അനാസ്ഥയോ സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിലേക്കായി 9 എണ്ണത്തിൽ വകുപ്പുതല അന്വേഷണം പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ